**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** | **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഒരു വർഷത്തിലേറെയായി കുടിശ്ശികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കുന്നതിൽ ഉണ്ടായ വീഴ്ച കാരണമാണോ പെൻഷൻ മുടങ്ങിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ നിയമവും, 1998 ലെ ചട്ടങ്ങളും അനുസരിച്ച് 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും ആകെ ചെലവിന്റെ 1% വരുന്ന തുക സെസ്സ് ഇനത്തിൽ ബോർഡിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരമുള്ള സെസ്സ് നിർണ്ണയത്തിനും, സെസ്സ് ഈടാക്കുന്നതിനും തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി ലേബർ ഓഫീസർ എന്നിവരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലേബർ ഓഫീസർമാർ നിലവിൽ നിർവ്വഹിക്കുന്ന ജോലിയ്ക്ക് പുറമേയാണ് മേൽ വിവരിച്ച ചുമതലയും ഇവർക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ ഫലപ്രദമായും സമയബന്ധിതമായും സെസ്സ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും സാധിക്കാത്ത സാഹചര്യമുണ്ട്. ലേബർ വകുപ്പിന്റെ ശ്രമഫലമായി സെസ്സ് കളക്ഷന് ജില്ലാ ഓഫീസുകൾക്ക് ടാർജറ്റ് നിശ്ചയിച്ചതിൻ പ്രകാരം സെസ്സ് കളക്ഷനിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-22 കാലയളവിൽ സെസ്സിനത്തിൽ 285.60 |

| | | | |
|---|---|---|---|
| | | | കോടി രൂപയാണ് പിരിച്ചെടുത്തത്. ആയത് 2022-23 കാലയളവിൽ 370 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ശ്രമഫലമായി ലേബർ വകുപ്പ് മുഖാന്തിരമുള്ള സെസ്സ് പിരിവിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പെൻഷൻ വിതരണത്തിന് പ്രതിമാസം 59കോടിയും, മറ്റാനുകൂല്യങ്ങൾക്ക് 10കോടിയും ആവശ്യമായതിനാൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. പെൻഷൻകാരുടെ എണ്ണവും ഓരോ മാസവും വർദ്ധിക്കുന്നുമുണ്ട്.<br><br>സെസ്സ് പിരിവ് പൂർണ്ണതോതിൽ സമാഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽ തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ള ടി ജോലി തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. സെസ്സിനത്തിൽ പ്രതിമാസം പിരിച്ചെടുക്കുന്ന ഏകദേശതുകയായ 30 കോടി രൂപ പെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല. പെൻഷൻ വിതരണത്തിനു മാത്രം 59 കോടി രൂപ പ്രതിമാസം ആവശ്യമാണ്. ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭരണ ചെലവിനുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 69 കോടി രൂപയാണ് ആവശ്യമായുള്ളത്. വരവി നെക്കാൾ ഭീമമായ തുക ചെലവഴിക്കേണ്ടതിനാലാണ് പെൻ ഷനും, മറ്റാനുകൂല്യങ്ങളും സമയബന്ധിത മായി വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്.<br><br>**31-03-2023 വരെയുള്ള ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യുന്നതാണ്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ അടുത്ത രണ്ട് മാസങ്ങളിലായി വിതരണം ചെയ്യുന്നതാണ്. നിലവിൽ സെസ്സ് കളക്ഷന് ചുമതലപ്പെട്ട ത്തിയിരിക്കുന്നത് തൊഴിൽ വകുപ്പിനെയാണ്. സെസ്സ് പിരിവ് തൊഴിൽ വകുപ്പിൽ നിന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ